# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 368 — 25.06.2014 ൽ മറുപടിയ്ക്ക്

## പമ്പാ - വൈപ്പാർ നദീജല പദ്ധതി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. കെ. രാജു<br>ശ്രീ. സി. ദിവാകരൻ<br>ശ്രീ. മുല്ലക്കര രത്നാകരൻ<br>ശ്രീ. ചിറ്റയം ഗോപകുമാർ | | ശ്രീ. പി.ജെ.ജോസഫ്<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) പമ്പാ - വൈപ്പാർ നദീജല പദ്ധതി നടപ്പാക്കാനുള്ള ശ്രമങ്ങൾ ആരംഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത പദ്ധതിയുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ;<br><br>(ബി) പ്രസ്തുത പദ്ധതിക്കുവേണ്ടിയുള്ള എന്തെല്ലാം പ്രവൃത്തികൾ ഇതിനകം പൂർത്തിയാക്കിയിട്ടുണ്ട് എന്നറിയിക്കുമോ; | (എ) യും (ബി) യും | നദീസംയോജനത്തിന്റെ ഭാഗമായി Peninsular component-ൽ ഉൾപ്പെടുന്ന പമ്പ, അച്ചൻകോവിൽ നദികളെ തമിഴ്നാട്ടിലെ വൈപ്പാറുമായി സംയോജിപ്പിക്കുവാൻ ദേശീയജലവിഭവ മന്ത്രാലയത്തിൻകീഴിൽ രൂപീകരിച്ച ദേശീയജലവികസന ഏജൻസി ഉദ്ദേശിച്ചിരുന്നു. എന്നാൽ പമ്പയിലും അച്ചൻകോവിലാറിലും അധികജലം ലഭ്യമല്ലായെന്ന് വിദഗ്ധസമിതിയുടെ (ഡൽഹി IIT) റിപ്പോർട്ടുകൾ വ്യക്തമാക്കിയതിനാൽ കേരളം ഈ പദ്ധതി പ്രായോഗികമല്ല എന്ന സമീപനമാണു സ്വീകരിച്ചിട്ടുള്ളത്. കേരളം പദ്ധതിയെ എതിർത്തിരിക്കുകയാണ്. |
| (സി) പമ്പയിലും പോഷക നദിയായ അച്ചൻകോവിലാറിലും എത്ര ജലം | (സി) | പമ്പയാറിലും അച്ചൻകോവിലാറിലും അധിക ജലം ഇല്ല എന്നാണ് വിവിധ |

| | |
|---|---|
| മിച്ചമുള്ളതായി കണക്കാക്കിയിട്ടുണ്ട്; മിച്ചമുള്ള ജലം വിട്ടുകൊടുക്കുന്നതു സംബന്ധിച്ച് എന്ത് തീരുമാനമാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം വ്യക്തമാക്കുമോ? | പഠന റിപ്പോർട്ടുകളിൽ വ്യക്തമാക്കിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ